"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയത്തിലെ ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) ശ്രീമതി. വിജയശ്രീ. പി -യ്ക്ക് വിവിധ സംഗീത സാഹിത്യ കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം. 3263/2025/ധന** **തീയതി, തിരുവനന്തപുരം, 28/03/2025**

പരാമർശം:- 1. 07/02/2025 തീയതിയിലെ ഡി.കെ.എസ്.എ/215/എസ്റ്റാ.2/2025 നമ്പർ കത്ത്.
2. സ.ഉ(കൈ).1/2025/ഉ.ഭ.പ.വ തീയതി: 10.01.2025

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയത്തിലെ ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) ശ്രീമതി വിജയശ്രീ. പി -യ്ക്ക് പ്രതിഫലം കൈപ്പറ്റാതെയും ഔദ്യോഗിക കൃത്യനിർവ്വണത്തിന് തടസ്സമുണ്ടാകാതെയും സർക്കാരിന്റെ നയങ്ങളെ വിമർശിക്കാതെയും വിവിധ സംഗീത സാഹിത്യ കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960 -ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48, 62, 63 എന്നിവയ്ക്ക് വിധേയമായും, ചുവടെ കാണുന്ന നിബന്ധനകൾക്ക് വിധേയമായും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയത്തിലെ ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) ശ്രീമതി വിജയശ്രീ. പി -യ്ക്ക് വിവിധ സംഗീത സാഹിത്യ കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് യാതൊരു തടസ്സവും ഉണ്ടാകരുത്.
ii. പ്രസ്തുത പ്രവർത്തനങ്ങളിലൂടെ സർക്കാരിന്റെ നടപടികളേയോ തീരുമാനങ്ങളെയോ വിമർശിക്കാൻ പാടില്ല
iii. പ്രസ്തുത പ്രവർത്തനങ്ങൾ സർക്കാർ നയങ്ങൾക്കെതിരെയാകരുത്.
iv. സർക്കാർ നിർദ്ദേശിക്കുന്നപക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ, തുടരുകയോ ചെയ്യരുത്.

ശ്രീമതി. വിജയശ്രീ. പി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) സാഹിത്യ സൃഷ്ടികൾ പ്രസിദ്ധികരിക്കുവാൻ താല്പര്യപ്പെടുന്ന പക്ഷം പരാമർശം (2) ഉത്തരവിൻപ്രകാരം ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് അനുമതി നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി, ഫയൽ നം.എസ്റ്റാ.ഡി 1/26/2025-ധന (3062000)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ